**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2602** **06.02.2018-ൽ മറുപടിയ്ക്ക്**

# നെന്മാറ പ്രീ മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.കെ. ബാബു**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലായെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഹോസ്റ്റലിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | ബി) | ആയിലൂർ ഹോസ്റ്റലിലെ അന്തേവാസികൾ പഠിക്കുന്ന സ്കൂൾ മാനേജ്മെന്റ് സൗജന്യമായി 30 സെന്റ് സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരിൽ നിന്നും ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | സ്ഥലം ഏറ്റെടുത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | സി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Haripriya

സെക്ഷൻ ഓഫീസർ